60 (969) തൊഴിൽ തർക്കങ്ങൾ

ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ.എം. മാണി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി.എഫ്. തോമസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ മേഖലകളിലെയും തൊഴിലാളികളുടെ ആനുകൂല്യങ്ങളും പരാതികളും സംബന്ധിച്ച വിവിധ വിഷയങ്ങൾ തൊഴിൽ വകുപ്പ് ഓഫീസിൽ തീർപ്പാകാതെ അവശേഷിക്കുന്നതു മൂലം തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരം കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് ഓരോ മേഖലയിലും എത്ര തൊഴിൽ തർക്കങ്ങൾ ഉണ്ടായിട്ടുണ്ടെന്നും അവയിൽ എത്രയെണ്ണം തീർപ്പാക്കിയെന്നും അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സാധാരണയായി കോടതിയിൽ നടത്തേണ്ടതായതുപോലുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടി വരുന്നതിനാലാണ് ഇത്തരം കേസുകൾ തീർപ്പാക്കുവാൻ താമസം ഉണ്ടാകുന്നത്. ഈ കേസുകൾ സമയബന്ധിതമായി തീർക്കുവാൻ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥന്മാർക്ക് ഈ കഴിഞ്ഞ മാസത്തിൽ നടത്തിയ ഡിപ്പാർട്ട്മെന്റൽ കോൺഫറൻസിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

61 (970) തൊഴിൽ സമരങ്ങൾമൂലം അടഞ്ഞുകിടക്കുന്ന സ്ഥാപനങ്ങൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര വ്യവസായ, തൊഴിൽ സ്ഥാപനങ്ങൾ ലേ ഓഫ്, ലോക്കൗട്ട്, ക്ലോഷർ എന്നിവ മൂലം പ്രവർത്തിക്കാതിരിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്ഥാപനങ്ങളിൽ എത്ര വീതം തൊഴിലാളികൾ ജോലി ചെയ്തിരുന്നു എന്ന് വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രധാനപ്പെട്ട ഒത്തുതീർപ്പ് കരാറുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

---

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

(21.12.1999-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 60(969) ന്റെ ഉത്തരം കാണുക).

		തൊഴിൽ തർക്കങ്ങളുടെ എണ്ണം	ഒത്തുതീർപ്പാക്കലിന്റെ എണ്ണം
1.	അഗ്രികൾച്ചർ	1841	962
2.	അലുമിനിയം	101	22
3.	ആട്ടോമൊബൈൽ എഞ്ചിനീയറിംഗ്	540	263
4.	ബീഡി ആന്റ് സിഗാർ	133	63
5.	കാഷ്യൂ	241	144
6.	സിറാമിക്	98	33
7.	കയർ	302	218
8.	ഇലക്ട്രിക്	115	43
9.	ഫെർട്ടിലൈസർ ആന്റ് കെമിക്കൽസ്	474	167
10.	ഫുഡ്	64	31
11.	ഗ്ലാസ്സ്	37	18
12.	ഹാൻഡ്ലൂം	125	39
13.	ഹോട്ടൽ ആന്റ് റെസ്റ്റോറന്റ്	978	655
14.	മാച്ചസ്	71	25
15.	മെറ്റൽസ്	274	45
16.	മുനിസിപ്പാലിറ്റീസ് ആന്റ് പഞ്ചായത്ത്സ്	144	20
17.	ഓയിൽ ഇൻസ്റ്റലേഷൻ	77	15
18.	ഓയിൽ മിൽ	65	52
19.	പേപ്പർ	116	38
20.	പ്ലാന്റേഷൻസ്	4470	2522
21.	പ്ലൈവുഡ്	255	126
22.	പ്രിന്റിംഗ്	241	187
23.	പബ്ലിക് വർക്ക്സ്	38	25
24.	റൈസ് മിൽ	30	38
25.	റോഡ് ട്രാൻസ്പോർട്ട്	2212	1370
26.	റബ്ബർ പ്രോഡക്ട്സ്	426	214
27.	സാ മിൽ	312	114
28.	ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്	3584	2405
29.	സ്റ്റാർച്ച്	106	15
30.	ഷുഗർ	76	87
31.	ടെക്സ്റ്റൈയിൽസ്	668	328
32.	ടൈൽസ്	572	336
33.	ടോഡി ടാപ്പിംഗ്	692	436
34.	ടിമ്പർ	186	131
35.	വാട്ടർ ട്രാൻസ്പോർട്ട്	3	-
36.	മിസലേനിയസ്	6192	4779
	ആകെ	25959	16000

LIBRARY ARCHIVES Kerala Legislative Assembly